പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 250 — 28.06.2011-ൽ മറുപടിയ്ക്ക്

തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിലെ അനാസ്ഥ.

| ചോദ്യം<br>ശ്രീ. ബി. സത്യൻ : | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തെരുവ് വിളക്കുകൾ കത്തിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സാധന സാമഗ്രികൾ യഥാസമയം സ്ഥാപിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) & (ബി) | ഉണ്ട്. എന്നാൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു വീഴ്ച ശ്രദ്ധയിൽപെട്ടിട്ടില്ല. നിലവിലുള്ള സംവിധാനത്തിൽ തെരുവ് വിളക്കുകൾക്ക് ആവശ്യമായ സ്പെയർപാർട്സുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ തങ്ങളുടെ ചെലവിൽ വാങ്ങി നൽകുകയും കേടായ ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുകയുമാണ് ചെയ്യുന്നത്. സാധന സാമഗ്രികളുടെ ഗുണനിലവാരമില്ലായ്മയേയും ലഭ്യതയേയും കുറിച്ച് ബോർഡിനും യഥാസമയം അറ്റകുറ്റപ്പണികൾ ഏറ്റെടുത്ത് ചെയ്യാത്തതിനെ സംബന്ധിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും പരാതിയുണ്ട്. ഈ സംവിധാനത്തിന്റെ നടത്തിപ്പ് വിവിധ ഏജൻസികളുടെ കൂട്ടായ പ്രവർത്തനത്തിൽ അധിഷ്ഠിതമായതുകൊണ്ട് ഇക്കാര്യത്തിൽ വിജയകരമായ നടത്തിപ്പ് പലപ്പോഴും തടസ്സപ്പെടാറുണ്ട്. അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ സാധന സാമഗ്രികൾ എത്തിക്കുന്ന ഏജൻസി തന്നെ മാറ്റി സ്ഥാപിക്കലും ഏറ്റെടുക്കുന്നതാവും . അഭികാമ്യം എന്നും ആയതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ Annual Maintenance |
| (ബി) | എങ്കിൽ അതിനു കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | | |

| | | | |
|---|---|---|---|
| | | | Contract സംവിധാനത്തിൽ ഏർപ്പെടുന്നതാവും നല്ലത് എന്നും ബോർഡ് അഭിപ്രായപ്പെട്ടിട്ടുണ്ട്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് ഗവൺമെൻറ് ഓർഡറുകൾ നിലവിലുണ്ടോ ; | (സി) | ഉണ്ട്. |
| (ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും എം. എൽ. എ, എം. പി.മാരുടേയും ഫണ്ടും ഇലക്ട്രിസിറ്റി ബോർഡിൻെറ 50% ഫണ്ടും ഉപയോഗിച്ച് മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ആരംഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | ഉണ്ട്. |
| (ഇ) | ബോർഡിൻെറ 50% തുക ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ഇ) & (എഫ്) | സമ്പൂർണ്ണ വൈദ്യുതീകരണത്തിനു വേണ്ടി എസ്റ്റിമേറ്റ് തുകയുടെ 50% എം. പി/ എം. എൽ. എ ഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് എന്നിവയിൽ നിന്ന് ലഭ്യമാക്കുകയാണെങ്കിൽ എസ്റ്റിമേറ്റിൻെറ 50%-മോ 1 കോടി രൂപയോ (ഏതാണോ കുറവ്) അത് ബോർഡ് ഫണ്ടിൽ നിന്നും നൽകുന്നതാണ്. |
| (എഫ്) | ഇല്ലെങ്കിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ; | | |
| (ജി) | ഈ വർഷം പദ്ധതി പൂർത്തീകരിക്കാൻ കഴിയുമോ ? | (ജി) | സമയബന്ധിതമായി ഫണ്ട് ലഭ്യമാകുകയാണെങ്കിൽ പൂർത്തീകരിക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ.